# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1964 | 08.03.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ആന്റി പ്രോഫിറ്റിംഗ് അതോറിറ്റി രൂപീകരിക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി.യുടെ മറവിൽ കൊള്ളലാഭം തടയുന്നതിന്റെ ഭാഗമായി കേന്ദ്ര മാതൃകയിൽ ആന്റി പ്രോഫിറ്റിംഗ് അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഇന്ത്യയൊട്ടാകെ ഒറ്റ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയാണുള്ളത്. ഇത് കേന്ദ്രഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളെ സംബന്ധിച്ച് സ്ക്രീനിംഗ് കമ്മിറ്റിയാണുള്ളത്. അതിൽ സി.ജി.എസ്.ടി.യുടെ മെമ്പറും എസ്.ജി.എസ്.ടി യുടെ മെമ്പറും ഉൾപ്പെടുന്നു. |
| (ബി) | ജി.എസ്.ടി.യുടെ മറവിൽ കച്ചവടക്കാർ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായ ആദ്യ മാസത്തിൽ തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകം തന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് |

| | | | |
|---|---|---|---|
| | | | കൈമാറിയിട്ടുണ്ട്. അടുത്തപടിയായി 15.11.2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്. കൂടാതെ ഉപഭോക്താക്കൾക്ക് ജി.എസ്.ടി യെ സംബന്ധിച്ചുള്ള ബോധവത്ക്കരണത്തിനുവേണ്ടി നിരവധി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. |
| (സി) | കേന്ദ്ര ആന്റി പ്രോഫിറ്റിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്ത കേസുകളിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്ത കേസുകളിൽ ഇതുവരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് സംസ്ഥാന സർക്കാരിന് വിവരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ